**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5785** **08-07-2024 - ൽ മറുപടിയ്ക്ക്**

**പൊതു വിപണിയിലെ അരി വില നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | വിപണിയിലെ ശക്തമായ ഇടപെടലുകളുടെ ഫലമായി രാജ്യത്ത് വിലക്കയറ്റം ഏറ്റവും ഫലപ്രദമായി പിടിച്ചുനിർത്തിയത് ഉപഭോക്തൃ സംസ്ഥാനമായ കേരളമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി GO (Rt)No. 470/2023/F&CSD dtd 23/11/2023 പ്രകാരം ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജില്ല കളക്ടർമാർ, ഭക്ഷ്യ, കൃഷി എന്നീ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗങ്ങൾ ചേർന്ന് പൊതുവിതരണ കമ്മീഷണർക്ക് സമർപ്പിക്കുന്ന ശുപാർശകൾ സഹിതമുള്ള റിപ്പോർട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഉന്നതതല കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും ചെയ്തു വരുന്നു.<br><br>ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളം നിത്യോപയോഗ സാധനങ്ങൾക്കായി മറ്റ് സംസ്ഥാനങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. സപ്ലൈകോയുടെ ശക്തമായ വിപണി ഇടപെടൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. സപ്ലൈകോയുടെ വിപുലമായ വിൽപ്പനശൃംഖല മുഖേന വിതരണം നടത്തുന്ന സബ്സിഡി സാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം സർക്കാർ വിളിച്ച ചേർത്തിട്ടുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വില നിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് |

ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.

ജില്ല കളക്ടറുടെ നേതൃത്വത്തിൽ പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ പൊതു വിപണിയിലെ കടകളിൽ പരിശോധനകൾ നടത്തുകയും വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത കടകൾക്കെതിരെ നടപടികൾ സ്വീകരിച്ച് വരുന്നു.

വിലക്കയറ്റം തടയുന്നതിനായി മൂന്ന് തലങ്ങളിൽ ഇടപെടൽ നടത്തുവാൻ തീരുമാനിക്കുകയുണ്ടായി.

**1. മൊത്ത വ്യാപാരികളുമായുള്ള ചർച്ച**

ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട ജില്ലകളിലുള്ള മൊത്ത വ്യാപാരികളുമായി ചർച്ച നടത്തി ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ചരക്ക് നീക്കത്തിൽ ഉണ്ടായാൽ അവ മാറ്റുന്നതിനും ചരക്ക് നീക്കം സുഗമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലാ കളക്ടർമാരും ജില്ലാ തലത്തിൽ മൊത്തവ്യാപാരികളുമായി ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**2. ജില്ലാകളക്ടർമാരുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ സ്ക്വാഡ് -**

ജില്ലാകളക്ടർമാർ നേരിട്ട് സംസ്ഥാനത്തെ വിവിധ പൊതുവിപണികളിൽ പരിശോധന നടത്തുന്നതിനും പ്രസ്തുത പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള അനിയന്ത്രിതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടാൽ നേരിട്ട് ഇടപ്പെട്ട് പരിഹാരം കണ്ടെത്തണമെന്ന് നിർദ്ദേശിക്കുകയും അപ്രകാരം ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുവിപണികളിൽ പരിശോധന നടത്തിവരുന്നു.

**3. വിവിധ വകുപ്പുകളുടെ സംയുക്ത പരിശോധന**

ജില്ലാ സപ്ലൈ ആഫീസർമാരുടെ നേതൃത്വത്തിൽ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്നീ വകുപ്പുകൾ ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം നടത്തിയ പരിശോധനയിൽ വിലവിവരപത്രിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി സപ്ലൈകോ നടത്തി വരുന്ന വിപണി ഇടപെടൽ മൂലം

| | | | |
|---|---|---|---|
| | | | 13 അവശ്യസാധനങ്ങൾ സപ്ലൈകോ ഔട്ട് ലെറ്റുകൾ (മാവേലിസ്റ്റോർ, സൂപ്പർമാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ്) വഴി 35 % സബ്സിഡി നൽകി വിതരണം നടത്തി വരുന്നു. ഇത് കൂടാതെ ഉത്സവ സീസണുകളിൽ ജില്ല സപ്ലൈ ഓഫീസർ /താലൂക്ക് സപ്ലൈ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് കർശന പരിശോധന നടത്തുകയും ടി ജില്ല താലൂക്ക് തല സ്ക്വാഡുകളുടെ സഹായത്തോടുകൂടി പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചു നിർത്തുന്ന നടപടികൾ വകുപ്പ് സ്വീകരിച്ച് വരുന്നു.<br><br>അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും, ശേഖരണത്തിനും വേണ്ടി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ ‘ Price Monitoring Cell ’പ്രവർത്തിച്ചു വരുന്നു. കേന്ദ്ര സർക്കാർ അംഗീകരിച്ച 6 ജില്ലകളിൽ നിന്നുമായിരുന്നു പ്രാരംഭ ഘട്ടത്തിൽ വില ശേഖരിച്ചിരുന്നത്. 14 ജില്ലകളും Price Monitoring Cell ന്റെ കേന്ദ്രങ്ങളായി കേന്ദ്ര സർക്കാർ അംഗീകരിച്ച സാഹചര്യത്തിൽ ടി 14 ജില്ലകളിൽ നിന്നും വിലകൾ ശേഖരിച്ച് സാമ്പത്തിക സ്ഥിതി വിവര കണക്കു വകുപ്പിന്റെ സഹായത്തോടെ കേന്ദ്ര സർക്കാരിന്റെ പരിശോധനയ്ക്കായി PMS ആപ്പിൽ upload ചെയ്തു വരുന്നു.<br><br>പൊതുവിപണിയിൽ വില നിരീക്ഷണം സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ വില ശേഖരണം നടപ്പിൽ വരുത്തുന്നതിനും, സർക്കാരിന് കാര്യക്ഷമമായ ഇടപെടൽ പൊതുവിപണിയിൽ നടത്തുന്നതിനും ആയതു വഴി അനുദിനം വർദ്ധിച്ചു വരുന്ന പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും സർക്കാരിന്റെ വിപണിയിടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കുന്നതിനും വേണ്ടി സംസ്ഥാന തലത്തിൽ ‘Centre for Price Research Kerala’ രൂപീകരിച്ചിട്ടുണ്ട്. അപ്രകാരം അനുദിനം വർദ്ധിച്ചു വരുന്ന വിലകളെ കുറിച്ച് പഠനം നടത്തി ശുപാർശ സർക്കാരിനു നൽകുന്നതിനുവേണ്ടി സപ്ലൈകോ വഴി വിതരണം ചെയ്യുന്ന 13 അവശ്യസാധനങ്ങളുടെ വിലകൾ പൊതുവിപണിയിൽ നിന്നും ശേഖരിച്ച്, താരതമ്യം ചെയ്ത് റിപ്പോർട്ട് സിവിൽ സപ്ലൈസ് കമ്മീഷണർ സർക്കാരിലേയ്ക്കും, പ്ലാനിംഗ് ബോർഡിലേയ്ക്കും, സപ്ലൈകോയിലേയ്ക്കും, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിലേയ്ക്കും നൽകിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് പൊതു വിപണിയിലെ അരിയുടെ വില നിയന്ത്രിക്കുന്നതിനു വേണ്ടി നടത്തിയ ഇടപെടലുകളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്തെ പൊതു വിതരണശൃംഖല വഴി പ്രതി വർഷം 14.25 ലക്ഷം മെട്രിക് ടൺ അരി വിതരണം ചെയ്യുന്നുണ്ട്. കേരളത്തിൽ 6 ലക്ഷം ടൺ അരി മാത്രമാണ് ഉത്പാദിക്കപ്പെടുന്നത്. വിപണി ഇടപെടൽ മൂലം ജയ അരി, കുറുവ, പച്ചരി എന്നിവയുടെ വില 2024 ജനുവരിയിലെ വിലയേക്കാൾ ജൂണിലെ വിലയിൽ കുറവ് വന്നിട്ടുണ്ട്. Price Research Kerala ശേഖരിച്ച data പ്രകാരം ഓരോ മാസത്തേയും അരിയുടെ വില വ്യതിയാനം അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>52 ലക്ഷത്തോളം വരുന്ന NON NFSA കാർഡുകൾക്കുള്ള വിഹിതമായി ഒരു മാസത്തേക്ക് ലഭ്യമാകുന്നത് 33294 MT അരി മാത്രമാണ്. അതായത് കാർഡ് ഒന്നിന് 6.4 കിലോ അരി വിതരണത്തിന് ലഭിക്കുന്നു. നീല കാർഡുകാർക്ക് മാത്രമായി സർക്കാർ 6.90/- രൂപ സബ്സിഡി നൽകി 16000 MT അരി നൽകുന്നു. വെള്ള, നീല കാർഡിന്റെ off take കുറവായതിനാൽ നീക്കിയിരിപ്പ് കൂടി കണക്കിലെടുത്ത് NPNS കാർഡുടമകൾക്ക് 10.90 രൂപ നിരക്കിൽ 5 കിലോ മുതൽ 10 കിലോ വരെ നൽകി വരുന്നു.<br><br>സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി സപ്ലൈകോ നടത്തി വരുന്ന വിപണി ഇടപെടൽ മൂലം സപ്ലൈകോ ഔട്ട് ലെറ്റുകൾ (മാവേലിസ്റ്റോർ, സൂപ്പർമാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ്) വഴി സബ്സിഡി നൽകി അരി വിതരണം നടത്തി വരുന്നു. വിശദാംശം അനുബന്ധം - 2 ആയി ചേർക്കുന്നു.<br><br>ജില്ല സപ്ലൈ ഓഫീസർ /താലൂക്ക് സപ്ലൈ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് കർശന പരിശോധന നടത്തുകയും, ടി ജില്ല/ താലൂക്ക് തല സ്ക്വാഡുകളുടെ സഹായത്തോടുകൂടി പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചു നിർത്തുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | അടുത്തകാലത്തായി അരിയുടെ വില അനിയന്ത്രിതമായ നിലയിൽ വർദ്ധിച്ച സാഹചര്യത്തിൽ സാധാരണ ജനങ്ങൾക്ക് അരിയെത്തിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (സി) | കേരളത്തിലെ വിപണിയിൽ കൂടുതലായി വിൽക്കുന്നത് ആന്ധ്രയിൽ നിന്നുള്ള ജയ അരിയും, തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ നിന്നുള്ള ജ്യോതി അരിയുമാണ്. ഇവയുടെ ഉത്പാദനം കുറഞ്ഞതും ആന്ധ്ര ഗവൺമെന്റ് നെല്ല് ശേഖരണം തുടങ്ങിയതും തമിഴ്-നാട്ടിൽ നിന്നും കർണ്ണാടകയിൽ നിന്നും അരി കൂടുതലായി ശ്രീലങ്കയിലേക്ക് കയറ്റി അയയ്ക്കാൻ തുടങ്ങിയതും GST ലെ വർദ്ധനവും അരിയുടെ വില വർദ്ധനയ്ക്ക് കാരണമായിട്ടുണ്ട്. സപ്ലൈകോയുടെ വിപണി ഇടപെടൽ മൂലം, സപ്ലൈകോ ഔട്ട് |

| | | | |
|---|---|---|---|
| | | | ലെറ്റുകൾ (മാവേലിസ്റ്റോർ, സൂപ്പർമാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ്) വഴി 35 % സബ്സിഡി നൽകി അരി വിതരണം നടത്തി വരുന്നു.<br><br>കേരളത്തിൽ ഉത്പാദിക്കപ്പെടുന്ന 6 ലക്ഷം MT അരിയും പൊതുവിതരണ ശൃംഖല വഴി കേരളത്തിലെ ഉപഭോഗത്തിനായി തന്നെയാണ് ചെലവഴിക്കപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം - 1</u>

| ജയ അരി 2024 | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മേയ് | ജൂൺ |
|---|---|---|---|---|---|---|
| | 41.87 | 40.31 | 40.22 | 53.67 | 40.31 | 41.79 |
| കുറുവ അരി | 42.19 | 40.53 | 40.19 | 41.09 | 40.14 | 40.43 |
| പച്ചരി | 42.16 | 35.30 | 35.98 | 35.39 | 35.58 | 34.38 |
| മട്ട അരി | 44.68 | 45.76 | 44.93 | 45.37 | 45.76 | 45.67 |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം - 2**

| ഐറ്റം | പൊതു വിപണി വില ( ജൂൺ 2024 ) | സബ്സിഡിയോടുകൂടിയുള്ള അരിയുടെ വില |
|---|---|---|
| ജയ അരി | 41.79 | 29 |
| കുറുവ അരി | 40.43 | 30 |
| പച്ചരി | 34.38 | 30 |
| മട്ട അരി | 45.67 | 26 |

സെക്ഷൻ ഓഫീസർ